(സി) നെൽപ്പാടങ്ങൾ നികത്തുന്നവർക്കെതിരെ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) നെൽവയൽ സംരക്ഷണത്തിന് കൃഷി വകുപ്പ് സ്വീകരിക്കുന്ന നടപടികൾക്ക് നിയമസാധുത നൽകുന്ന ചട്ടങ്ങൾ നിലവിലുണ്ടോ; വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നെൽവയൽ മണ്ണിട്ട് നികത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിലെ ആറൻമുള, ആലപ്പുഴ ജില്ലയിലെ തകഴി, ചമ്പക്കുളം, കരുവാറ്റ, കുത്തിയതോട് കാസർഗോഡ് ജില്ലയിലെ ചെമ്മനാട് എന്നീ കൃഷിഭവനുകളിൽ നിന്നും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(സി & ഡി) അനധികൃതമായി നെൽപ്പാടം നികത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കേരള ഭൂവിനിയോഗ നിയമം (1967) പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം ഉണ്ട്. പ്രസ്തുത നിയമ പ്രകാരം നെൽപ്പാടം അനധികൃതമായി നികത്തുന്നതും നെൽപ്പാടങ്ങൾ തരിശിടുന്നതും മറ്റു വിളകൾക്കായി മാറ്റുന്നതും കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. 1955-ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് സെക്ഷൻ 7 പ്രകാരം കെ. എൽ. യു. ഉത്തരവ് ലംഘിച്ച് നിലം നികത്തുകയോ നെൽപ്പാടങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്താൽ ടിയാളെ വിളിച്ചു വരുത്തി കൃഷി ചെയ്യുന്ന സ്ഥലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന് നിർദ്ദേശിക്കുവാനും ഇതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ മൂന്നു മാസം മുതൽ ഏഴു മാസം വരെ തടവിന് വിധിക്കാനും ഫൈൻ ഈടാക്കാനും കൃഷി സ്ഥലം ഏറ്റെടുത്ത് ലേലം ചെയ്ത് കൃഷി ചെയ്യും എന്ന ഉറപ്പിന്മേൽ വിൽക്കാനും ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ട്.

നെല്ലിന് ന്യായവില ഉറപ്പാക്കാൻ നടപടി

108 [2725] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകളുടെ വിസ്തൃതി എത്രയാണെന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള നെൽവയലുകൾ സംരക്ഷിക്കുന്നതിനും നെൽകൃഷിക്കാർക്ക് പ്രോത്സാഹനം നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനും ക്രമാതീതമായ വിലത്തകർച്ച നേരിടുമ്പോൾ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും കൃഷി വകുപ്പ് മുൻകൈയെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ;

(ഡി) 2004-05 വർഷത്തിൽ കൃഷിവകുപ്പിന്റെ ആകെ പദ്ധതിച്ചെലവിന്റെ എത്ര ശതമാനമാണ് നെൽകൃഷി സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി നീക്കി വെച്ചതെന്നും തുക എത്രയാണെന്നും, പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടി വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കു പ്രകാരം 2003-04 വർഷത്തിൽ സംസ്ഥാനത്ത് 2.97 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

(ബി) നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് 1967-ലെ കേരള ഭൂവിനിയോഗ നിയമം കർശനമായി നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ടി നിയമപ്രകാരം നെൽപ്പാടങ്ങൾ നികത്തുന്നതും തരിശിടുന്നതും മറ്റുവിളകൾക്കായി മാറ്റുന്നതും കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. പ്രസ്തുത നിയമം കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽകൃഷി വികസനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. സംസ്ഥാനാവിഷ്കൃത നെൽകൃഷിവികസന പദ്ധതി പ്രകാരം 2004-2005 വർഷത്തിൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 800 ലക്ഷം രൂപയ്ക്കും ഉള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

2. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം ഹെക്ടറിന് 1000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

3. നെൽകൃഷി വികസന ഏജൻസികൾ വഴി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

4. കർഷകർക്ക് ആവശ്യമുള്ള സർട്ടിഫൈഡ് വിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് വിത്തു വികസന അതോറിറ്റിക്ക് 27 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. വിത്തു പരിശോധനാ ലാബുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

6. നെൽകൃഷിക്ക് പൂർണ്ണമായും വൈദ്യുതി സൗജന്യം അനുവദിക്കുന്നുണ്ട്.

7. ഒരു സീസണിൽ ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നു. പ്രസ്തുത പദ്ധതിക്കായി 1061.80 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

8. രജിസ്റ്റേഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം 140 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു.

9. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 343 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

10. സംയോജിത വളപ്രയോഗ പദ്ധതി പ്രകാരം 22.5 ലക്ഷം രൂപയും സംയോജിത കീടനിയന്ത്രണ പദ്ധതി പ്രകാരം 34.68 ലക്ഷം രൂപയും ചെലവഴിക്കുന്നതാണ്.

11. കൊയ്ത്തുകാലത്ത് സർക്കാർ വിപണിയിലിടപെട്ട് കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നു.

12. വിളനാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത്, കുമ്മായം എന്നിവ നൽകിയിട്ടുണ്ട്.

13. വിളനാശം നേരിട്ട കർഷകർക്കുള്ള നഷ്ടപരിഹാര തുക ഇരട്ടിയാക്കിയിട്ടുണ്ട്.

14. വിവര സാങ്കേതിക വിദ്യയുടെയും ജൈവ സാങ്കേതിക വിദ്യയുടെയും അനന്തസാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നെൽകൃഷി ഉൾപ്പെടെ സംസ്ഥാനത്തെ കാർഷിക രംഗം നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

15. കുട്ടനാടിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട 33000 ഹെക്ടർ വരുന്ന പാടശേഖരങ്ങളുടെ വികസനത്തിനായി നബാഡിന്റെ ധനസഹായത്തോടെ ഒരു ബൃഹദ്പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കൊയ്ത്തുകാലത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ലഭ്യമാക്കുന്നതിന് നെല്ലു സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല കമ്മിറ്റികളാണ് നെല്ലിന് കമ്പോള വിലയുടെയും ഉൽപ്പാദനച്ചെലവിന്റെയും അടിസ്ഥാനത്തിൽ സംഭരണവില നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2004-05 വർഷത്തിൽ ആകെ പദ്ധതിച്ചെലവിന്റെ 53.52% ആണ് നെൽകൃഷിയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി നീക്കിവെച്ചിട്ടുള്ളത്. അതായത് 6596 ലക്ഷം രൂപ.

തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് സഹായം

109 [2726] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
,, ടി. കെ. ദേവകുമാർ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തരിശുഭൂമിയായി കിടക്കുന്ന നെൽപ്പാടങ്ങൾ കൃഷി ചെയ്യുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്ര ഹെക്ടർ നെൽപ്പാടങ്ങൾ തരിശുഭൂമിയായി കിടക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) തരിശുകിടക്കുന്ന എത്ര ഹെക്ടർ പാടശേഖരങ്ങളിൽ സർക്കാർ പുതുതായി നെൽകൃഷി തുടങ്ങിയിട്ടുണ്ടെന്ന് പറയാമോ;

(ഡി) ഇതുമൂലം എത്രടൺ നെല്ല് ഉൽപ്പാദിപ്പിച്ചെന്നും എത്ര തൊഴിൽ ദിനങ്ങൾ അധികമായി സൃഷ്ടിച്ചെന്നും പറയാമോ?

ഉത്തരം

(എ) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2001-02 വർഷത്തെ കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ 77853 ഹെക്ടർ നെൽപ്പാടങ്ങൾ തരിശ് കിടക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. അതിൽ 2005-06 സാമ്പത്തികവർഷം 10,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്. ഓരോ ജില്ലയിലും തരിശായി കിടക്കുന്ന ഭൂമിയുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) തരിശുഭൂമി കൃഷി ചെയ്യാൻ മുന്നോട്ടുവരുന്ന കർഷകർക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം നൽകുന്നതിൽ മുൻഗണന നൽകുന്നു. ഗ്രൂപ്പ് ഫാമിംഗ്, അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യുക എന്നിവ നടപ്പിലാക്കുന്നതിലും ഇവർക്ക് മുൻഗണന നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly